# Malayala Manorama

## 17 August 2018

## Thiruvananthapuram, Flood, Rescue Operation, Army

# ഒഴുക്കിനെതിരെ..

## രക്ഷാപ്രവർത്തനത്തിനു ചുക്കാൻ പിടിച്ച് സൈന്യം

**മഹേഷ് ഗുപ്തൻ**

തിരുവനന്തപുരം ● സമാനതകളില്ലാത്ത ദുരന്തത്തിൽനിന്നു ജനങ്ങളെ കൈപിടിച്ചുയർത്താൻ സർവസന്നാഹവുമായി സൈന്യവും. കെട്ടിടങ്ങൾക്കു മുകളിൽ കുടുങ്ങിയവരെ രക്ഷിക്കാൻ എട്ടു ഹെലികോപ്റ്ററുകളും ദുരന്തമേഖകളിൽ ആവശ്യമെങ്കിൽ താൽക്കാലിക പാലംവരെ നിർമിച്ചു മുന്നേറാൻ മിലിറ്ററി എൻജിനീയറിങ് വിമാനവുമായാണ് സൈന്യം സംസ്ഥാനത്തെത്തിയത്. പത്തനംതിട്ട, എറണാകുളം, തൃശൂർ ജില്ലകളിൽനിന്നായി 150 പേരെ കെട്ടിടത്തിനു മുകളിൽനിന്ന് എടുത്തുയർത്തി വ്യോമസേനാംഗങ്ങൾ ഹെലികോപ്റ്ററിൽ കരയ്ക്കെത്തിച്ചു. സൈന്യത്തിന്റെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ആക്കുളം സതേൺ എയർ കമാൻഡ് ആസ്ഥാനത്ത് കൺട്രോൾ റൂം തുറന്നു.

രക്ഷിച്ചവരെ ഹെലികോപ്റ്ററിൽ തിരുവനന്തപുരം ശംഖുമുഖത്തും വർക്കലയിലുമാണ് എത്തിച്ചത്. കൊച്ചിയിൽ ഐഎൻഎസ് ഗരുഡ് എന്ന കപ്പലിൽ എത്തിച്ച ശേഷം ബോട്ട് മാർഗം കരയിലേക്കു കൊണ്ടുവന്നു. അഞ്ചു വലിയ ഹെലികോപ്റ്ററും മൂന്നു ചെറിയ ഹെലികോപ്റ്ററുകളുമാണ് രക്ഷാ പ്രവർത്തനത്തിനുള്ളത്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 90 പേരുമായി വ്യോമസേനയുടെ കൂറ്റൻ വിമാനം മിലിറ്ററി എൻജിനീയറിങ് ടാസ്ക് ഫോഴ്സുമായി തിരുവനന്തപുരം വിമാനത്താവളത്തിലെത്തി.

വലിയ ട്രക്ക്, താൽക്കാലിക റോഡുകൾ നിർമിക്കാനാവശ്യമായ ഉപകരണങ്ങൾ, ബോട്ടുകൾ, ബാർജുകൾ എന്നിവ വിമാനത്തിലുണ്ട്.

രണ്ടു മണിക്കൂറിൽ താഴെ മാത്രം സമയം കൊണ്ട് പാലം നിർമിച്ച് മുന്നോറാൻ സംഘം സജ്ജമാണ്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 20 പേർ വീതമടങ്ങിയ 40 ദുരന്ത നിവാരണ സംഘങ്ങളെ ഉടൻ കേരളത്തിലെത്തിക്കും.

15 ടൺ ദുരിതാശ്വാസ ഉപകരണങ്ങളും സാധനങ്ങളുമായാണ് ഇവർ എത്തുക. ഭക്ഷണ സാധനങ്ങളുടെ വമ്പൻശേഖരവുമായി 32 അംഗ വ്യോമസേന അന്റനോവ് 32 വിമാനത്തിൽ ഇന്നലെ എത്തി.

ഭക്ഷണവും കുടിവെള്ളവും ഇവർ പത്തനംതിട്ടയിൽ വിതരണം ചെയ്യുകയാണ്. 220 പേരടങ്ങിയ ദേശീയ ദുരന്തനിവാരണ സേനയും സംസ്ഥാനത്തുണ്ട്.

കരസേനയുടെ മദ്രാസ് റെജിമെന്റിൽ നിന്ന് 150 പേരും കണ്ണൂർ ഡിഎസ്സിയിൽനിന്ന് 120 പേരും ഇടുക്കി, വയനാട് കോഴിക്കോട് ജില്ലകളിൽ രക്ഷാ പ്രവർത്തനത്തിലാണ്. 90 അംഗ എൻജിനീയറിങ് ടാസ്ക് ഫോഴ്സ് പാലക്കാട്, കോഴിക്കോട്, ഇടുക്കി ജില്ലകളിലും 50 അംഗ ഇടിഎഫ് സംഘം പത്തനംതിട്ടയിലുമുണ്ട്. പാങ്ങോട് സൈനിക ക്യാംപിൽനിന്നു 30 സൈനികരെ ഇടുക്കിയിലേക്കും 60 പേരെ ആലുവയിലും വിന്യസിച്ചു.

ഓപറേഷൻ കരുണ എന്ന പേരിട്ടാണ് സൈന്യത്തിന്റെ രക്ഷാദൗത്യം.



വെള്ളപ്പൊക്കത്തിൽ വീടിനുള്ളിൽ കുടുങ്ങിപ്പോയ കുഞ്ഞിനെ രക്ഷപ്പെടുത്തുന്ന സേനാംഗം